ുക ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ നൽകാൻ രോഗിക്ക് അർഹതയുണ്ടായിരിക്കും.

(ബി) മാരകമായ രോഗങ്ങൾമൂലം പ്രയാസപ്പെടുന്ന പാവപ്പെട്ട രോഗികളെ സാമ്പത്തികമായി സഹായിക്കുകയാണ് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ എന്ന പദ്ധതിയുടെ ലക്ഷ്യം. സൊസൈറ്റിക്ക് മുമ്പാകെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ളതായ രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ച് മുൻകൂറായി കൈപ്പറ്റരസീത് വാങ്ങി രോഗിയുടെ പേരിലുള്ള അക്കൗണ്ടിലൂടെ മാറാവുന്ന ചെക്ക് രജിസ്റ്റേർഡ് തപാലിൽ രോഗിക്ക് അയച്ചു കൊടുക്കുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു.

(ഡി) വിശദാംശങ്ങൾ അനുബന്ധം -II ആയി ചേർത്തിരിക്കുന്നു. *

ഡയാലിസിസ് സെന്റർ

53(751) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇതു അനുവദിച്ചിട്ടും നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തെക്കേക്കര കരുനിക്കാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ.യുടെ നിർദ്ദേശാനുസരണം പുതിയ കെട്ടിടം നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടത്തിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത കെട്ടിടത്തിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബഹുമാനപ്പെട്ട എം.എൽ.എ.- യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ച എസ്റ്റിമേറ്റ് ധനവകുപ്പ് പരിശോധിക്കുകയും തസ്തിക സൃഷ്ടിക്കൽ ആവശ്യമായി വരുമെന്നതിനാൽ ഭരണാനുമതി നൽകുകയുമുണ്ടായില്ല.

* ഫെബ്രുവരിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരണിക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ.-യുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഐ.പി. കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും പ്ലാറിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ എന്നിവ നടന്നിട്ടില്ല. സെപ്റ്റിക് ടാങ്ക് നിർമ്മിച്ചിട്ടില്ല. ഐ.പി. -ക്ക് ആവശ്യമായ ജീവനക്കാരില്ല. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുകയും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും ചെയ്യുന്ന മുറയ്ക്ക് കിടത്തി ചികിത്സ ആരംഭിക്കുന്നതാണ്.

ചാലക്കുടി താലൂക്കാശുപത്രി

54(752) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമകെയർ-ബേസ് യൂണിറ്റ് അനുവദിച്ച നാളുകൾ ഏറെയായിട്ടും പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ഡോക്ടർമാർ, സ്റ്റാഫുകൾ എന്നിവരെ നിയമിക്കുന്നതിനും കെട്ടിട സൗകര്യം അനുവദിക്കുന്നതിനും, ആവശ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാത്തതിനാൽ ഇനിയും പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ട്രോമകെയറിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ആംബുലൻസിന്റെ സേവനം തുടർന്നും ലഭ്യമാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ചാലക്കുടി ഗവ. ഹോസ്പിറ്റലിൽ ട്രോമകെയർ സൗകര്യം പൂർണ്ണമായും ഏർപ്പെടുത്തുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള തെരഞ്ഞെടുത്ത ആശുപത്രികളിൽ ട്രോമാകെയർ സെന്ററുകൾ സജ്ജീകരിക്കുന്നതിനും ട്രോമാകെയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിനുമായി അഞ്ച് (5) കോടി രൂപ അനുവദിച്ചിരുന്നു. സ.ഉ.(കൈ)നമ്പർ 365/2010/ആ.ക.വ തിയതി 18-6-2010 പ്രകാരം ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ട്രോമാകെയർ ആംബുലൻസിന്റെ ബേസ് സ്റ്റേഷനായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രോമാകെയർ ആംബുലൻസിന്റെ ഡ്രൈവർക്കും മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly